**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4772** **11-08-2021 - ൽ മറുപടിയ്ക്ക്**

**വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും വ്യക്തമാക്കാമോ; | (എ) | ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിൽ 30.04.2021-നും ഇടുക്കി ജില്ലയിൽ 13.07.2021-നുമാണ് വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ലിസ്റ്റ് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷമാണ് സ്വാഭാവിക കാലാവധി. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ആണെന്ന് വ്യക്തമാക്കാമോ; | (സി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പ്രതീക്ഷിക്കാവുന്ന ഒഴിവുകളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | എക്സൈസ്, ക്രൈംബ്രാഞ്ച്, നർകോട്ടിക്സ്, സൈബർ സെൽ, വിമുക്തി തുടങ്ങിയവയിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ; | (ഇ) | പ്രാതിനിധ്യം/ആവശ്യകത കണക്കിലെടുത്താണ് വിവിധ ഓഫീസുകളിൽ നിയമനം നടത്തുന്നത്. |
| (എഫ്) | വനിതാ സിവിൽ എക്സൈസ് ഓഫീസർ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ; | (എഫ്) | വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ജി) | റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപായി പരമാവധി പേർക്ക് നിയമനം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| | ജില്ല | നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നൽകിയ നിയമന ശിപാർശകളുടെ എണ്ണം | നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 1 NCA(Hindu Nadar) |
| 2 | കൊല്ലം | 6 | 0 |
| 3 | പത്തനംതിട്ട | 4 | 0 |
| 4 | ആലപ്പുഴ | 5 | 0 |
| 5 | കോട്ടയം | 4 | 0 |
| 6 | ഇടുക്കി | 0 | 10 |
| 7 | എറണാകുളം | 20 | 0 |
| 8 | തൃശ്ശൂർ | 14 | 0 |
| 9 | പാലക്കാട് | 7 | 0 |
| 10 | മലപ്പുറം | 7 | 0 |
| 11 | കോഴിക്കോട് | 9 | 0 |
| 12 | വയനാട് | 3 | 0 |
| 13 | കണ്ണൂർ | 11 | 0 |
| 14 | കാസറഗോഡ് | 3 | 0 |

**സെക്ഷൻ ഓഫീസർ**